# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

## 2025-26



# ജി.യു.പി. സ്കൂൾ കൂടശ്ശേരി

കുറ്റിപ്പുറം സബ്ജില്ല, മലപ്പുറം

| ലക്ഷ്യം | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പൊതുവിജ്ഞാനത്തിനോടുള്ള താൽപര്യം കൂട്ടുന്നതിന് വേണ്ടി. | പൊതുവിജ്ഞാനം | ഓരോ ദിവസവും പ്രാർത്ഥനക്ക് ശേഷം ഓരോ ചോദ്യം നൽകുന്നു.കുട്ടികളോട് അതിനുള്ള ഉത്തരം എഴുതി ഒരു ബോക്സിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുന്നു . ശരിയുത്തരം എഴുതിയവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു.വിജയികൾക്ക് സമ്മാനം നൽകുന്നു അങ്ങനെ ഓരോ ദിവസവും ഓരോ ചോദ്യം എന്ന രീതിയിൽ കുട്ടികൾക്ക് പൊതുവിജ്ഞാനം നൽകുന്നു .ഓരോ മാസവും അവസാനം ഒരു ക്വിസ് മത്സരം നടത്തി വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ. | അധ്യാപകർ |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ ഗണിതത്തോടുള്ള പേടി കുറക്കുന്നതിനും ഗണിതത്തിലുള്ള കൗതുക ഉണർത്തുന്നതിനും ഗണിത പഠനം സൗഹൃദപരമാക്കുന്നതിനും | ഗണിതം | ഗണിതത്തിലെ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടു പുതിയ ആശയങ്ങൾ വിവരിക്കുകയും പുതിയ രൂപങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുന്ന ഒരു പതിപ്പ് തയ്യാറാക്കൽ. | അക്കാദമിക വർഷം മുഴുവൻ | ഗണിത അധ്യാപകർ |
| കുട്ടികളിലെ ശാസ്ത്രബോധം വളർത്തുന്നതിനും ശാസ്ത്ര കൗതുകം ഉണർത്തുന്നതിനും . | ശാസ്ത്രം | 100 പരീക്ഷണങ്ങൾ<br>1 മുതൽ 7 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലെ ആശയങ്ങളുമായി ബന്ധപ്പെട്ട 100 പരീക്ഷണങ്ങൾ കണ്ടെത്തുന്നു . അവ സമയബന്ധിതമായി ചെയ്യുവാനുള്ള അവസരങ്ങൾ ഒരുക്കുന്നു.<br>ജൂൺ:<br>ജൂലൈ:<br>ആഗസ്റ്റ്:<br>etc..<br>100 പരീക്ഷണങ്ങൾ പൂർത്തിയായാൽ രക്ഷിതാക്കളെ ഉൾപ്പെടുത്തി ശാസ്ത്ര കൗതുകം എന്ന പേരിൽ ശാസ്ത്രമേള സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം മുഴുവൻ<br><br>(സാമ്പത്തികം – PTA) | ക്ലാസ് ടീച്ചർ, SMC, SRG |

| ലക്ഷ്യം | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികളിലും അറബിക് ഭാഷാ പദസമ്പത്ത് വർദ്ധിപ്പിക്കാനും പൊതു വിജ്ഞാനത്തോടൊപ്പം ഭാഷാശേഷി വർദ്ധിപ്പിക്കാനും ഉള്ള പ്രവർത്തനം. | ഭാഷ - അറബിക് | എല്ലാ ദിവസവും സ്കൂൾ റേഡിയോ ആയ കൂടേരി FM ലൂടെ വാക്കുകൾ ചോദ്യങ്ങളും പരിചയപ്പെടുത്തുകയും അത് അറബിക് ക്ലബ്ബിന്റെ നോട്ടീസ് ബോർഡിൽ എല്ലാ കുട്ടികൾക്കും എഴുതിയെടുക്കാൻ സാധ്യമാകുന്ന രീതിയിൽ പ്രദർശിപ്പിക്കുകയും മാസത്തിലൊരിക്കൽ ചെറിയ രീതിയിലുള്ള വിലയിരുത്തലുകൾ നടത്തുകയും മികച്ചു നിൽക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | | ബോധവൽക്കരണ ക്ലാസുകൾ<br>പിറന്നാളിന് ഒരു ചെടി<br>അധ്യാപകരുടെ നേതൃത്വത്തിൽ ആഴ്ച തോറും ഡ്രൈഡേ ആചരിക്കൽ<br>ഹരിതസേനയുടെ നേതൃത്വത്തിൽ ക്ലാസ്സ് ശുചിത്വ മോണിറ്ററിങ്<br>സ്കൂൾ സൗന്ദര്യവത്ക്കരണം | ജൂൺ - സെപ്റ്റംബർ | ഹരിതസേന - PTA |

| | | | | |
|---|---|---|---|---|
| കൈത്താങ്ങ്<br><br>ലക്ഷ്യം: ഇംഗ്ലീഷ് മലയാളം വിഷയങ്ങളിൽ എഴുതാനും വായിക്കാനും പ്രയാസം നേരിടുന്ന കുട്ടികളെ അതിന് പ്രാപ്തമാക്കുന്നതിന് | ഇംഗ്ലീഷ് മലയാളം | ശനി, ഞായർ ദിവസങ്ങളിലും അവധി ദിവസങ്ങളിലും പ്രത്യേക മോഡ്യൂൾ അനുസരിച്ചുള്ള ക്ലാസുകൾ | ജൂൺ - ഡിസംബർ | ക്ലാസ്സ് ടീച്ചർ<br><br>CPTA |
| ടാലന്റ് എക്സാം<br><br>അക്കാദമികമായി കുട്ടി നേടിയെടുക്കുന്ന വിവരങ്ങളും പൊതുവിജ്ഞാനവും ഉൾപ്പെടുത്തി കുട്ടികളെ മത്സര പരീക്ഷയ്ക്ക് പ്രാപ്തമാക്കുന്ന പദ്ധതി | | ഓരോ യൂണിറ്റിലും വരാവുന്ന ചോദ്യങ്ങളും അതുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനവും ഉൾപ്പെടുത്തി കുട്ടികൾക്ക് ചോദ്യങ്ങൾ നൽകുന്നു.<br><br>ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ മാസാവസാനം ടാലെന്റ് പരീക്ഷ നടത്തുന്നു.<br><br>ഓരോ മാസവും ക്ലാസ് തലത്തിലെ വിജയിയെ കണ്ടെത്തുകയും സമ്മാനം നൽകുകയും ചെയ്യുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br>PTA |